ശ്രീ. ഇ. നാരായണൻ നായർ: ലോകനാർകാവിൽ പുതിയതായി സ്ഥാപിച്ച ക്രഷർകൊണ്ട് അവിടെയുള്ള തൊഴിലാളികൾക്കു ബുദ്ധിമുട്ടില്ല മറ്റുഭാഗങ്ങളിലുള്ള തൊഴിലാളികൾക്കാണു ബുദ്ധിമുട്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: ആർഡർ ആർഡർ. ബഹുമാനപ്പെട്ട മെമ്പർ ചോദ്യം ചോദിക്കണം.

ശ്രീ. ഇ. നാരായണൻ നായർ: സ്ഥാപിച്ച സ്ഥലത്തു തൊഴിലാളികളില്ല. ഇരിങ്ങൽ കാറിയിലെ ആറായിരം തൊഴിലാളികൾക്കാണ് ബുദ്ധിമുട്ടുള്ളത്. ലോകനാർകാവിൽ തൊഴിലാളികളില്ല. അതുകൊണ്ട് അവിടെ ആക്ഷേപമില്ല. ഈ പ്രശ്നത്തിനു വല്ല പരിഹാരവുമുണ്ടാക്കാൻസാധിക്കുമോ എന്നാണു ചോദ്യം.

ശ്രീ. എം.കെ. രാഘവൻ: വിവരങ്ങൾ ശേഖരിക്കാൻ ബഹുമാനപ്പെട്ട മെമ്പറെ ആരും നിയോഗിച്ചതായി അറിവില്ല. വിവരങ്ങൾ ശേഖരിക്കാൻ ഗവൺമെന്റ് ആശ്രയിക്കുന്നത് കളക്ടറെയാണ്. ആ കളക്ടറിൽ നിന്നു കിട്ടിയ വിവരങ്ങളാണു ഞാൻ പറഞ്ഞത്. എന്റെ പ്രസ്താവനകളെ ബഹുമാനപ്പെട്ട മെമ്പർ ഏതുതരത്തിലാണു ചിത്രീകരിക്കുകയെന്നുള്ളത് ബഹുമാനപ്പെട്ട മെമ്പറെസംബന്ധിച്ച ചുറ്റുപാടും ബാക്ക് ഗ്രൗണ്ടും ഒക്കെ ആശ്രയിച്ചിരിക്കുമെന്നതിനാൽ ബഹുമാനപ്പെട്ട മെമ്പർ ഇങ്ങനെയൊക്കെയാണ് പറഞ്ഞു ഫലിപ്പിക്കുന്നതെങ്കിൽ എനിക്കു വിരോധമില്ല. കളക്ടർ തന്ന വിവരമാണ്. ഞാനവിടെ പോയിട്ടില്ല. ക്രഷർ നടത്താൻ ഞാൻ പോകുന്നില്ല. ആരാണു പണിയെടുക്കുന്നതെന്നു നോക്കിയിട്ടില്ല. വിവരം ശേഖരിച്ചതാണ്. ആ കിട്ടിയ വിവരങ്ങൾ ചിലപ്പോൾ നേരിൽനിന്ന് അകന്നതായിരിക്കാം; പേഴ്സണലായിട്ടുള്ള അറിവ് എനിക്കില്ല. ബഹുമാനപ്പെട്ട മെമ്പർക്കറിയാമെങ്കിൽ നേരല്ലെന്നു പറഞ്ഞുമനസ്സിലാക്കുന്ന ഭാഷ ഇതാണെങ്കിൽ ആ സ്ഥലത്തുള്ള ജനങ്ങളെ ദൈവം രക്ഷിക്കട്ടെ.

തൊഴിലില്ലായ്മ വേതനം പറ്റിയവർക്ക് ജോലി കൊടുക്കാത്ത പഞ്ചായത്തുകൾ

* 600 [640] ഡോ. ജോർജ് മാത്യു: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

തൊഴിലില്ലായ്മ വേതനം കൈപ്പറ്റിയ ആൾക്കാർക്ക് ഗവൺമെന്റ് നിർദ്ദേശപ്രകാരം ജോലി കൊടുക്കാത്ത എത്ര പഞ്ചായത്തുകൾ ഉണ്ട്?

തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി (ശ്രീ. എം. കെ. രാഘവൻ): സർ, തിരുവനന്തപുരം ജില്ലയിലും ഇടുക്കി ജില്ലയിലും എല്ലാ പഞ്ചായത്തുകളിലും തൊഴിലില്ലായ്മ വേതനം കൈപ്പറ്റിയ ആളുകൾക്ക് ജോലി കൊടുത്തിട്ടുണ്ട്. മലപ്പുറം ജില്ലയിൽ താഴെ പറയുന്ന പത്തു പഞ്ചായത്തുകളിൽ തൊഴിലില്ലായ്മ വേതനം കൈപ്പറ്റിയ ആളുകൾക്കു ജോലി കൊടുത്തിട്ടില്ല.

പരപ്പനങ്ങാടി, മേലാറ്റൂർ, ഇടപ്പറ്റ, കൊണ്ടോട്ടി, എരുമത്തുരുത്തി, വട്ടക്കുളം, തവന്നൂർ, ഇടപ്പാൾ, വെളിയാർകോട്ട, കോട്ടയ്ക്കൽ.

മറ്റു ജില്ലകളിലെ വിവരം ശേഖരിച്ചുവരുന്നു.

ഡോ. ജോർജ് മാത്യു: ഗവൺമെന്റിന്റെ പരിപാടിയെ നിരുൽസാഹപ്പെടുത്തുന്നതിനുവേണ്ടി, വർക്കുകൾ എടുക്കുമ്പോൾ ഇതിനു

LIBRARY ARCHIVES Kerala Legislative Assembly

യാതൊരു പരിഗണനയും നൽകാതെ രാഷ്ട്രീയമായി കണ്ടുകൊണ്ട് പല പഞ്ചായത്തുകളും പെരുമാറുന്നതു ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? അങ്ങനെയുള്ള പഞ്ചായത്തുകളുടെമേൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ സാധിക്കുമോ?

ശ്രീ. എം.കെ. രാഘവൻ: പഞ്ചായത്തുകളുടെ പേരിൽ നടപടിയെടുക്കാൻ സാധിക്കുമോ എന്നറിഞ്ഞുകൂടാ. കൃത്യമായ നിർദ്ദേശം ഗവൺമെന്റു കൊടുത്തിട്ടുണ്ട്. തൽക്കാലം പണം ചെലവഴിക്കാൻ ഇല്ലെന്നുവന്നാൽ ഗവൺമെന്റു കൊടുക്കാമെന്നുവരെ നിർദ്ദേശം കൊടുത്തിട്ടുണ്ട്. എന്തു നടപടി സ്വീകരിക്കാൻ കഴിയുമെന്നു പരിശോധിക്കാം.

ഡോ. ജോർജ് മാത്യു: കോഴഞ്ചേരി പഞ്ചായത്തിൽ ഇത് രൂക്ഷമായ തർക്കത്തിനു വിഷയമാവുകയും സത്യാഗ്രഹത്തിനുവരെ മുതിരുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് അവിടെ ഗവൺമെന്റ് ഈ പറഞ്ഞ നടപടി എടുക്കാൻ സാധിക്കുമോ?

ശ്രീ. എം.കെ. രാഘവൻ: സത്യാഗ്രഹം ഒരു പരിഗണനയാക്കിക്കൊണ്ട് നടപടിയെടുക്കാൻ സാധിക്കുകയില്ല. എന്തെങ്കിലും കാര്യമുണ്ടെങ്കിൽ നടപടി എടുക്കാം.

ശ്രീ. വട്ടിയൂർക്കാവ് രവി: തൊഴിലില്ലായ്മവേതനം കൊണ്ടുവന്ന സന്ദർഭത്തിൽ വേതനത്തിന് പണിയെടുക്കണമെന്നു നിർദ്ദേശം കൊടുത്തിരുന്നോ? നിർദ്ദേശം കൊടുത്തത് എപ്പോഴാണ്. അതു പുനരാലോചിക്കാൻ തയ്യാറാകുമോ?

ശ്രീ. എം.കെ. രാഘവൻ: എപ്പോഴാണു നിർദ്ദേശം കൊടുത്തതെന്നു കൃത്യമായി പറയാൻ കഴിയുകയില്ല. പല പഞ്ചായത്തുകളും പലപ്പോഴായിട്ടാണ്. ഇപ്പോൾ നിർദ്ദേശം കൊടുത്തിട്ടുള്ളത് കൊടുത്ത പണി എടുക്കാൻ നിഷേധിച്ചിട്ടുള്ളവർക്കു തൊഴിലില്ലായ്മവേതനം കൊടുക്കരുതെന്നാണ്. ഒരു ദിവസം പണിയെടുത്തവർക്കുപോലും കൊടുത്തിട്ടുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: പഞ്ചായത്തുകളും ജോലികളും നടത്തിയാൽ ആയിരം രൂപയിൽ കൂടുതൽ ഉള്ള പണികൾക്ക് ബ്ലോക്കിലെ അസിസ്റ്റന്റ് എൻജിനീയറും മറ്റുള്ളതിന് പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറും അതുപോലെ പ്രസിദ്ധങ്ങളും കൗണ്ടർസൈൻ ചെയ്താണ് പണം കൊടുക്കേണ്ടതെന്നും അല്ലാതെ വന്നാൽ ആഡിറ്റ് ഒബ്ജക്ഷൻ ഉണ്ടായി ഈ തുക തിരിച്ചടയ്ക്കേണ്ടിവരുമെന്നും ഉള്ള നിയമം നിലവിലിരിക്കുന്നകാലത്തോളം ഇങ്ങനെ തൊഴിൽ കൊടുക്കുന്നതുമൂലം പല പഞ്ചായത്തുകളും ബുദ്ധിമുട്ടിലാകും എന്ന് പഞ്ചായത്തു നിയമത്തിലെ വ്യവസ്ഥകളറിയാവുന്ന ഗവൺമെന്റിന് അറിയാമോ? അങ്ങനെയാണെങ്കിൽ ഈ മാതിരിയുള്ള വ്യവസ്ഥകൾ മാറ്റിയിട്ട് ഈ തൊഴിലില്ലാത്തവർക്ക് ഈ ജോലി കോൺട്രാക്റ്റ് അടിസ്ഥാനത്തിലോ നോമിനി എന്നുള്ള നിലയിലോ കൊടുക്കുന്നതിന് ഇന്നു നിലവിലുള്ള നിയമപ്രകാരം വ്യവസ്ഥചെയ്യാൻ ഏർപ്പാടു ചെയ്യുമോ?

ശ്രീ. എം.കെ. രാഘവൻ: സാധാരണ ഗവൺമെന്റിന്റെ പേമെന്റ് പഞ്ചായത്തുകളിൽകൂടി കൊടുക്കുന്ന നിയമം ഇതിനു ബാധകമല്ല. ഇതു പ്രത്യേക പേമെന്റാണ്. ഈ പറഞ്ഞ സങ്കീർണ്ണതയൊന്നുംതന്നെ

LIBRARY ARCHIVES Kerala Legislative Assembly

ഇതിനു ബാധകമല്ല. അങ്ങനെ ഏതെങ്കിലും പഞ്ചായത്തു പറഞ്ഞിട്ടുണ്ടെങ്കിൽ, കൊടുക്കാതിരിക്കാൻ ആ ഒഴിവുകഴിവു പറഞ്ഞു എന്നുള്ളതിൽ കവിഞ്ഞ് മറ്റൊന്നുമില്ല. ആവശ്യവുമില്ല.

ശ്രീ. കെ.സി. വാമദേവൻ: ജോലി ചെയ്യുകയില്ലെന്നു പറഞ്ഞവരൊഴികെ, ചെയ്തവർക്കും മേഗികമായി ചെയ്തവർക്കും ചെയ്യാൻ സമ്മതിച്ചവർക്കും എല്ലാം രണ്ടാം ഗഡു കൊടുത്തു തുടങ്ങിയോ?

ശ്രീ. എം.കെ. രാഘവൻ: മിക്കവാറും കൊടുത്തു തീർത്തു എന്നാണ് എനിക്കു തോന്നുന്നത്. കൊടുത്തുതീർത്തിട്ടില്ലെങ്കിൽ മാർച്ച് മാസം 31-ാം തീയതിക്കുമുൻപ് കൊടുത്തു തീർക്കുകയും ചെയ്യും.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

സിമൻറിനു കൺട്രോൾ

* 601 [643] ശ്രീ. പി. ആർ. ഫ്രാൻസിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയതായി സിമൻറിന് കൺട്രോൾ എന്നാണ് ഏർപ്പെടുത്തിയത്;

(ബി) ആവശ്യത്തിനുള്ള സിമൻറ് ഇന്ന് ലഭിക്കുന്നുണ്ടോ?

വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ. പി.എസ്. ശ്രീനിവാസൻ):

(എ) 24.3.1978 മുതൽ

(ബി) ഇല്ല.

ലോറി ട്രാൻസ്പോർട്ടിംഗ് വർക്കേഴ്സ് യൂണിയൻറെ നിവേദനം

* 602 [644] ശ്രീ. എ.പി കുര്യൻ:

,, പി.പി. എസ്തോസ്:

,, പി. കരുണാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ലോറി ട്രാൻസ്പോർട്ടിംഗ് വർക്കേഴ്സ് യൂണിയൻ അവരുടെ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് വല്ല നിവേദനവും ഗവൺമെൻറിന് സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെയാണ് പ്രധാന ആവശ്യങ്ങൾ;

(സി) അവരുടെ നിവേദനത്തിൻറെ അടിസ്ഥാനത്തിൽ എന്തു നടപടികൾ സ്വീകരിച്ചു?

തൊഴിലും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. എം.കെ. രാഘവൻ):

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly